# ACADEMIC MASTER PLAN

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## A.V.G.L.P.S. THAZHAVA

# സ്കൂൾ അനുബന്ധ വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്: എ. വി. ജി എൽ. പി. എസ്
തഴവ

വിദ്യാഭ്യാസ ജില്ല : കൊല്ലം

ഉപജില്ല : കരുനാഗപ്പള്ളി

ബ്ലോക്ക് പഞ്ചായത്ത് : തഴവ

ഹെഡ്മിസ്ട്രസ്സ് : ആശ. ആർ

സ്കൂൾ കോഡ് : 41213

# ആമുഖം

വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേൻമയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടിയും വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുമായുള്ള പ്രവർത്തനങ്ങൾ തഴവ ആദിത്യവിലാസം ഗവ. എൽ. . പി. എസ്സിൽ നടത്തി വരുന്നു. അതിനായി അധ്യാപകർ, രക്ഷിതാക്കൾ എസ്. എം. സി, മാതൃസമിതി, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, പൊതുസമൂഹം, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ കണ്ടെത്തി സമയബന്ധിതമായി നടപ്പാക്കി വരുന്നു.

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാക്കുന്നതോടൊപ്പം സമഗ്രവും നിരന്തരവുമായ വിലയിരുത്തലിലൂടെ കുട്ടിയുടെ മികവിന്റെ സമസ്ത മേഖലകളുടേയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിന് സഹായകമായ രീതിയിലുള്ള അക്കാദമിക മികവാണ് തഴവ എ.വി.ജി.എൽ.പി. എസ്സ് ലക്ഷ്യമിടുന്നത്.

# സ്കൂൾ ചരിത്രം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തിരുവിതാംകൂർ രാജ്യത്തിന്റെ ഉൾപ്പെടുന്ന ഓണാട്ടുകര ദേശത്ത് കരുനാഗപ്പള്ളി താലൂക്കിൽ തഴവയും പുലിയൂർ വഞ്ചിയും തൊട്ടുരുമ്മി സ്ഥിതി ചെയ്യുന്ന രണ്ടുഗ്രാമങ്ങൾ, സസ്യശ്യാമള കോമളമായ ഭൂപ്രദേശങ്ങൾ അദ്ധ്വാന ശീലരായ കർഷക ജനത, ജാതിമത വർഗ്ഗ വർണ്ണ വിവേചനങ്ങളില്ലാതെ സർവ്വരും സഹോദര നിർവിശേഷമായ സ്നേഹ വായ്പപോടെ സ്വൈരജീവിതം നയിച്ചുവന്നു. അല്ലലും അലട്ടലുമില്ലാതെ ജനജീവിതത്തിന്റെ അനുസ്യൂതമായ പ്രവാഹത്തിനിടയിലും ഏതോ ഒരു കുറവ് ഈ ഗ്രാമങ്ങളെ ഗ്രസിച്ചിരിക്കുന്നതായി പൗരപ്രമാണിയായ ശ്രീ. പാലപ്പള്ളിൽ പത്മനാഭപിള്ളയ്ക്കും സുഹൃത്തുക്കൾക്കും ബോധ്യമായതിനെ തുടർന്ന് അവർ പണ്ഡിതാഗ്രേസരനും ശ്രീ. ചിത്തിര തിരുനാൾ ബാലരാമവർമ മഹാരാജാവിന്റെ ഗുരുവും വിദ്യാഭ്യാസ ഇൻസ്പെക്ടറുമായ ആദരണീയനായ സി. എസ്. സുബ്രഹ്മണ്യൻ പോറ്റി അവർകളെ സന്ദർശിച്ചു.

അക്ഷരജ്ഞാനത്തിന്റെ അഭാവമാണ് ഈ ഗ്രാമങ്ങളുടെ പ്രശ്നമെന്ന് അദ്ദേഹത്തെ ബോധ്യപ്പെടുത്തി മഹാനുഭാവനായ ആ പ്രതിഭാധനൻ ആ പ്രശ്നത്തിന് പരിഹാരമായി ഒരു പ്രൈമറി സ്കൂൾ അനുവദിച്ചു നൽകുകന്നതാണെന്ന് അറിയിക്കുകയും അതിനുയോജ്യമായ സ്ഥലം കണ്ടെത്താൻ ശ്രീമാൻ. പാലപ്പള്ളിൽ പത്മനാഭപിള്ളയെ തന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ ആവശ്യം അറിയിച്ചതിനെത്തുടർന്ന് ഉദാരമതിയായ വെങ്കട്ടയ്ക്കൽ ഇല്ലത്ത് ശ്രീ. ആദിത്യൻ പോറ്റി അവർകൾ അൻപത് സെന്റ് സ്ഥലം

സംഭാവനയായി നൽകുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് ഒരു ശതാബ്ദത്തിന് മുൻപ് സ്ഥാപിതമായ ആ വിദ്യാലയത്തിന് ശ്രീ. ആദിത്യൻപോറ്റി അവർകളുടെ നാമധേയം തന്നെ നൽകപ്പെടുകയും ചെയ്തു. അങ്ങനെ 1915 മേയ് 15ന് സ്ഥാപിതമായ തഴവ ആദിത്യവിലാസം ഗവ.എൽ.പി സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

107 വർഷത്തെ ചരിത്രമുറങ്ങുന്ന ഈ സരസ്വതീക്ഷേത്രം തഴവ, തൊടിയൂർ പ്രദേശത്തെ ജനങ്ങളുടെ സാംസ്കാരിക സിരാകേന്ദ്രമായി വിദ്യാലയങ്ങളുടെ മുത്തുമുത്തശ്ശിയായി ആ സ്ഥാനം അലങ്കരിക്കുന്നു. ഈ വിദ്യാലയം അന്നുമിന്നും അതിന്റെ തനിമയും പെരുമയും നിലനിർത്തിക്കൊണ്ടുള്ള ജൈത്രയാത്ര തുടരുകയാണ് ജീവിതത്തിന്റെ നാനാതുറകളിലായി ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്ന ഒരുലക്ഷത്തിലധികം വരുന്ന പൂർവ്വ വിദ്യാർത്ഥി വൃന്ദവും ആയിരത്തോളം വരുന്ന മുൻ അധ്യാപകരും ഈ വിദ്യാലയത്തിന്റെ മാഹാത്മ്യത്തിന് മാറ്റ് കൂട്ടുന്നു. എന്നു മാത്രമല്ല, പൊതു വിദ്യാഭ്യാസം വൻപിച്ച ഭീഷണി നേരിടുകയും ചെയ്യുന്ന ഈ വർത്തമാന കാലത്തിൽ എ.വി.ജി.എൽ.പി.എസിലേക്ക് അനുസ്യൂതമായ വിദ്യാർത്ഥി പ്രവാഹമാണുള്ളത്. ആയിരത്തിലധികം വിദ്യാർത്ഥികളേയും ഇരുപത്തിയഞ്ചിൽപ്പരം അധ്യാപകരെയും ഉൾക്കൊണ്ടുകൊണ്ട് കൊല്ലം ജില്ലയിലെ ഏറ്റവും വലിയ എൽ.പി. സ്കൂളുകളിൽ ഒന്നായി തഴവ എ.വി.ജി. എൽ.പി സ്കൂൾ പരിലസിക്കുന്നു.

# ഭൗതിക സാഹചര്യം

| ക്രമ നമ്പർ | ഇനം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1. | ക്ലാസ് മുറികൾ. | | |
| 2. | കമ്പ്യൂട്ടർ ലാബ് | ഇല്ല | 1 |
| 3. | സയൻസ് ലാബ് | ഇല്ല. | 1 |
| 4. | ഗണിതലാബ് | ഇല്ല | 1 |
| 5. | ലൈബ്രറി, റീഡിംഗ് റൂം | ഇല്ല. | 1 |
| 6. | പാചകപ്പുര | ഉണ്ട് | നവീകരണം. |
| 7. | ഡൈനിംഗ് ഹാൾ | ഇല്ല. | 1 |
| 8. | അസംബ്ലി ഹാൾ | ഉണ്ട്. | – |
| 9. | ഓഡിറ്റോറിയം | ഉണ്ട്. | മേൽക്കൂര. |
| 10 | ഓഫീസ് | ഉണ്ട് | . |
| 11 | സ്റ്റാഫ് റൂം | ഇല്ല. | 1 |
| 12 | കുടിവെള്ള ലഭ്യത | ഉണ്ട്. | |
| 13 | ടോയ്‌ലറ്റ് | പരിമിതം | 10 |
| 14 | മാലിന്യ സംസ്കരണ പ്ലാന്റ് | ഇല്ല | 1 |
| 15 | ബയോഗ്യാസ് പ്ലാന്റ് | ഇല്ല. | 1 |
| 16 | ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് | 1 | 1 |
| 17 | ഭിന്നശേഷി സൗഹൃദ ഫർണിച്ചർ | ഇല്ല | 1 |
| 18 | കളിയുപകരണങ്ങൾ | ഉണ്ട് | |

# കുട്ടികളുടെ എണ്ണം (2024,-25) 2025-26)

| വർഷം | ക്ലാസ്സുകൾ | | | | | | |
|---|---|---|---|---|---|---|---|
| | LKG | UKG | I | II | III | IV | ആകെ |
| 2024-25 | 81 | 108 | 133 | 125 | 133 | 183 | |
| 2025-26 | 64 | 91 | 125 | 136 | 128 | 135 | 155+<br>524<br>679 |

## അധ്യാപക - അധ്യാപകേതര ജീവനക്കാരുടെ എണ്ണം - 2025-26

| വിഭാഗം | അധ്യാപകർ | അനധ്യാപകർ | താല്ക്കാലിക ജീവനക്കാർ |
|---|---|---|---|
| LP | 21 | 0 | 1 |
| പ്രീപ്രൈമറി. | 7 | 3 | |

# ലക്ഷ്യങ്ങൾ

* ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക നിലവാരം ഉറപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.

* കുട്ടികൾക്ക് ക്ലാസ്മുറിയിലെ പ്രവർത്തനങ്ങൾക്ക് പുറമെ സർഗപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും കല-കായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കുക.

* ലബോറട്ടറി, ലൈബ്രറി, കംപ്യൂട്ടർ സംവിധാനങ്ങൾ എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രാപ്യമാക്കുക.

* ക്ലാസ്സ്മുറികൾ, സ്കൂൾ അന്തരീക്ഷം എന്നിവ ഹൈടെക് ആക്കുക വഴി വിദ്യാർത്ഥി സൗഹൃദവിദ്യാലയം ആവ കൽപ്പന ചെയ്യുക.

* കുട്ടികളുടെ കുടുംബപശ്ചാത്തലം, സാഹചര്യം എന്നിവയിലെ പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനുതകുന്ന രീതിയിൽ രക്ഷാകർത്താക്കൾക്ക് ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കുക.

* കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

* ലിംഗസമത്വം ഉറപ്പാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* കുട്ടികളിൽ കാർഷികാഭിരുചി വളർത്തുക.

* പോക്സോ സംബന്ധമായ ബോധവൽക്കരണം.

* രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

* മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജലനിർമ്മാർജ്ജനം തുടങ്ങിയവ നടപ്പിലാക്കൽ.

* എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

* ആശയവിനിമയശേഷി കൈവരിക്കൽ

* ഭാവപ്രകടനം, ശബ്ദപ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക.

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
* ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
* സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക.
* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
* ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
* സാമൂഹികാവബോധം കുട്ടികളിൽ ഉണ്ടാകാനുള്ള ജനാധിപത്യ വേദികൾ ഒരുക്കുക. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
* ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.
* അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.
* ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

* വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

* അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക

* നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

* പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

* കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.

* കലാഭിരുചി വളർത്തുക.

* ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക. ആരോഗ്യ ശീലങ്ങൾ വളർത്തുക.

* കരിക്കുലം ലക്ഷ്യമാക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ അറബിക് പഠിക്കുന്ന മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

* വായനയിലൂടെയും എഴുത്തിലൂടെയും അറബിക് ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്മുറികളിൽ ഒരുക്കുക.

# സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം/മേഖല | പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | കാലയളവ് |
| --- | --- | --- | --- |
| 1. കുട്ടികളിൽ മാനസികോല്ലാസം പരിപോഷിപ്പിക്കൽ, കായിക ക്ഷമത വളർത്തൽ | കളിയുപകരണങ്ങൾ, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കൽ, കായിക അധ്യാപകന്റെ നിയമനം | SMC , S.S.K അധ്യാപകർ | ഹ്രസ്വകാലം. |
| 2. മികച്ച വായന ശീലം വളർത്തുക. | എല്ലാ ക്ലാസ്സിലും ക്ലാസ്‌തല വായനക്കൂട്ടം ഒരുക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. എല്ലാ ക്ലാസിലും പത്രം, ലൈബ്രറി ഹാൾ നവീകരണം. | SMC അധ്യാപകർ സന്നദ്ധ പ്രവർത്തകർ | ഹ്രസ്വകാലം |
| 3. മൂല്യങ്ങൾ വികസിപ്പിക്കൽ സാമൂഹികം. | കാരുണ്യ പദ്ധതി 'സഹപാഠിക്കൊരു സാന്ത്വനം' | SMC , MPTA അധ്യാപകർ | ഹ്രസ്വകാലം |

| | | | | |
|---|---|---|---|---|
| 4 | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ, ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ. | എല്ലാമാസവും ക്ലാസ് ടീച്ചർ | എല്ലാമാസവും. |
| 5 | ആശയ വിനിമയ ശേഷി കൈവരിക്കൽ. | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകർ. | ജൂൺ, ജൂലൈ |
| 6 | ഭാവപ്രകടനം, ശബ്ദ പ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് പാട്ടരങ്ങ് സംഘടിപ്പിക്കുന്നു. | സംഗീത ക്ലബ്ബ് ക്ലാസ് ടീച്ചർ | ജൂൺ മുതൽ മാർച്ച് വരെ. |
| 7 | വായനാ താൽപര്യവും അഭിനയം വഴി വ്യക്തിത്വ വികസനവുമാണ് പ്രധാന ലക്ഷ്യം | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണ ശൈലി, ശബ്ദ വ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം റീഡേഴ്സ് തിയേറ്റർ സംഘടിപ്പിക്കുന്നു. | ക്ലാസ് ടീച്ചർ. | എല്ലാമാസവും |

| | | | |
|---|---|---|---|
| 8 കാർഷികാഭിരുചി വളർത്തൽ. | കൃഷിത്തോട്ട നിർമാണം, പരിപാലനം | കൃഷിഭവൻ, SMC MPTA, അധ്യാപകർ | ഹ്രസ്വകാലം |
| 9. ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ ഭാഗങ്ങളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷ് ബുള്ളറ്റിൻ ഒരുക്കുന്നു. | അധ്യാപകർ. | ആഴ്ചയിൽ മാസത്തിൽ ഒന്ന്. |
| 10 ഇംഗ്ലീഷിലൂടെ ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ് കാർഡ് നിർമ്മിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ് | ഓരോ ടേംമിലും |
| 11. അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന്. | എല്ലാ ക്ലാസ്സിലും ഗണിത കിറ്റുകൾ (മഞ്ചാടി, കളിനോട്ട്) കാർഡുകൾ സംഘടിപ്പിച്ച് ഗണിതം രസകരമായി ആവിഷ്കരിക്കുക. ഗണിത കളികൾ ഉൾപ്പെടുത്തുക. | അധ്യാപകർ | ജൂൺമുതൽ മാർച്ച് വരെ |

| | | | | |
|---|---|---|---|---|
| 12 | ഓരോ ക്ലാസിലും ഗണിതത്തിൽ കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | അധ്യാപകർ. | ജൂൺ മുതൽ മാർച്ച് വരെ. |
| 13 | ലാബോറട്ടറി സൗകര്യങ്ങൾ | ലാബോറട്ടറി സജ്ജമാക്കൽ | SSK, പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ. | ദീർഘകാലം |
| 14 | ശാസ്ത്ര, പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. ശാസ്ത്ര പഠന താല്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ, നിരീക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുതകുന്ന ശില്പശാലകൾ സംഘടിപ്പിക്കുക. പരീക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. | അധ്യാപകർ | എല്ലാ മാസത്തിലും. |
| 15 | വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ | SITC | ഓരോ മാസത്തിലും |

| | | | |
|---|---|---|---|
| 16 എല്ലാ കുട്ടികൾക്കും കംപ്യൂട്ടർ പരിജ്ഞാനം | കംപ്യൂട്ടർ റൂം സജ്ജമാക്കൽ പരമാവധി കമ്പ്യൂട്ടറുകൾ ലഭ്യമാക്കൽ. | MLA , പൂർവ്വ വിദ്യാർഥി കൂട്ടായ്മ | ദീർഘകാലം. |
| 17 ചർച്ചകൾ, സംവാദങ്ങൾ അറിവുകൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അറിവുകൾക്ക് അവസരമൊരുക്കൽ, ചർച്ചകൾ സംവാദങ്ങൾ എന്നിവ ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തൽ ചർച്ചകൾ. | ഓരോ ക്ലാസ്സിലെയും അധ്യാപകർ. | ഓരോ മാസത്തിലും |
| 18 നിർമാണത്തിനുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ, നിർമാണം ചോക്ക് ചന്ദനത്തിരി, പാവ etc. | SSG അധ്യാപകർ. | സെപ്തംബർ |

| | | | |
|---|---|---|---|
| 19 ഇതര വിഷയവുമായും പഠനവുമായും പ്രവൃത്തി പരിചയത്തെ ബന്ധിപ്പിക്കുക. | ഓരോ ക്ലാസ്സിലും നടത്തേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ, ഒറിഗാമി എന്നിവയ്ക്ക് പരിശീലനം നൽകൽ. | റിസോഴ്സ് പേഴ്സൺ. SMC | ജൂലൈ |
| 20 കലാഭിരുചി വളർത്തുക കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ | SRG. | എല്ലാ ആഴ്ചയും |
| 21 ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീരിയഡിൽ കളിക്കാൻ എക്സർസൈസ് സൂംബ, ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ്ടീച്ചർക്ക് പരിശീലനം | SRG | ജൂൺ - മാർച്ച് |
| 22 കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധ ശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ പ്രദർശനം, പോസ്റ്റർ നിർമ്മാണം, കടപ്പാട്, പ്രകടനങ്ങൾ എന്നിവയുടെ വഴി കുട്ടികളിൽ ബോധം വളർത്തുന്ന | സ്കൂൾ സുരക്ഷാ. സമിതി. | അധ്യയന വർഷത്തിൽ ജൂൺ. ആദ്യവും തുടർച്ചയായും |
| കുട്ടികളിലെ മാനസിക പ്രശ്ന നിവാരണം. | കൗൺസിലിംഗ് സംവിധാനം. | | |

| | | | | |
|---|---|---|---|---|
| 23 | ഭിന്നശേഷി കുട്ടികളുടെ ഉന്നമനം. | ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് ഫർണിച്ചർ, ക്ലാസ്മുറികൾ റിസോഴ്സ് പേഴ്സൺ. | വിദ്യാഭ്യാസ വകുപ്പ്. അധ്യാപകർ | ദീർഘകാലം. |
| 24 | നൈതിക സാഹചര്യം ഒരുക്കൽ. | അധ്യാപകരുടെ സേവനം ആഡിറ്റോറിയം നിർമാണം പൂർത്തിയാക്കൽ. എല്ലാ ക്ലാസിലും പ്രോജക്ടർ. | SMC, സന്നദ്ധ പ്രവർത്തകർ. | ദീർഘകാലം |
| 25 | അറബിക്. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ അറബിക് പഠിക്കുന്ന മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക. | വായനാ വസന്തം, വായനാകുറിപ്പുകൾ, ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, അറബിക് അസംബ്ലി പത്രവായന, പതിപ്പ്, പോസ്റ്ററുകൾ ഭാഷാകേളികൾ. | അറബി ടീച്ചർ. | ജൂൺ - മാർച്ച് |